അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്നയാൾ അറസ്റ്റിൽ. വടക്കേക്കര പട്ടണം ഭാഗത്ത് നികത്തിൽ വീട്ടിൽ ശ്രീജു (34) വിനെയാണ് വടക്കേക്കര പോലീസ് അറസ്റ്റ് ചെയ്തത്. അമിത പലിശ ഈടാക്കി വസ്തുവകകൾ അനധികൃതമായി കൈവശം വച്ച് പണം കടം കൊടുക്കുന്നതാണ് പതിവ്. ഇയാളുടെ വീട്ടിൽ നിന്നും നിരവധി ആളുകൾ ഒപ്പുവച്ച ബ്ലാങ്ക് മുദ്രപത്രങ്ങളും, ചെക്ക് ലീഫുകളും, ഡ്രൈവിംഗ് ലൈസൻസുകളും, വാഹനങ്ങളുടെ ആർ.സി.ബുക്കുകളും, ഒരു കാറും, രണ്ട് ഇരുചക്ര വാഹനങ്ങളും കണ്ടെടുത്തു.